ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) കെ. എസ്. ആർ. ടി. സി. ഇപ്പോൾ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ട്. വർദ്ധിച്ചുവരുന്ന ചെലവ് അനുസരിച്ച് വരുമാന വർദ്ധന ഉണ്ടാകുന്നില്ല. സ്പെയർ പാർട്സ്, ഇന്ധനം എന്നിവയുടെ വില വർദ്ധന, പെൻഷനാനുകൂല്യങ്ങൾ നൽകുന്നതിനുള്ള വർദ്ധന, മൂലധന നിക്ഷേപത്തിന് സർക്കാർ സഹായം നൽകാത്തതുകൊണ്ട് എടുക്കേണ്ടിവരുന്ന കടം എന്നിവ പ്രതിസന്ധിക്കുള്ള മുഖ്യകാരണങ്ങളിൽ ചിലതാണ്.

(ബി) ഉണ്ട്.

(സി) ഇപ്പോൾ ഇങ്ങനെയൊരു സാഹചര്യം ഉണ്ടാകാറില്ല.

(ഡി) കഴിയുന്നുണ്ട്.

(ഇ) പഴയബസ്സുകൾക്ക് പകരം പുതിയ ബസ്സുകൾ കാലാകാലങ്ങളിൽ നിരത്തിലിറക്കി സർവ്വീസ് നടത്തുന്നുണ്ട്. വരുമാന സാധ്യതയുള്ള പുതിയ റൂട്ടുകൾ കണ്ടെത്താനുള്ള നടപടികൾ എടുത്തുവരുന്നു.

വ്യവസായശാലകളും സാങ്കേതിക കോളേജുകളും തമ്മിലുള്ള കരാർ

*9 [450] ശ്രീ. വർക്കല കഹാർ:

,, എൻ. ഡി. അപ്പച്ചൻ:

,, വി. ഡി. സതീശൻ:

,, കെ. ബാബു:

,, എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള വ്യവസായശാലകളും ശാസ്ത്ര വിഷയങ്ങൾ പഠിപ്പിക്കുന്നതോ സാങ്കേതിക വിഷയങ്ങൾ പഠിപ്പിക്കുന്നതോ ആയ കോളേജുകളും തമ്മിൽ വ്യവസായശാലകൾക്കുവേണ്ടി ഗവേഷണം നടത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും കരാറുകൾ ഉണ്ടാക്കിയിട്ടുണ്ടോ;

(ബി) വ്യവസായങ്ങൾക്ക് പ്രയോജനപ്രദമായ സംഭാവന നൽകുന്ന വിധത്തിലുള്ള ഗവേഷണം നടത്തണമെന്ന് വ്യവസായശാലകൾ കോളേജുകളോട് ആവശ്യപ്പെടാറുണ്ടോ;

(സി) സംസ്ഥാനത്തുള്ള വ്യവസായശാലകൾ നമ്മുടെ ശാസ്ത്ര കോളേജുകളിൽ നിന്നോ, സാങ്കേതിക കോളേജുകളിൽ നിന്നോ കാമ്പസ് റിക്രൂട്ട്മെന്റ് നടത്താറുണ്ടോ;

(ഡി) വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഉൽപ്പാദനം നടത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ശാസ്ത്ര സാങ്കേതിക ശാസ്ത്ര കോളേജുകളിൽ നിന്നും ഗവേഷണ തൽപ്പരരെ നിയമിക്കാറുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) വ്യവസായ വകുപ്പിൽനിന്നും ഇത്തരത്തിലുള്ള കരാറുകൾ ഉണ്ടാക്കിയിട്ടില്ല. എന്നാൽ തെരഞ്ഞെടുക്കപ്പെട്ട എഞ്ചിനീയറിംഗ് കോളേജുകൾ, ഗവേഷണ ലബോറട്ടറികൾ മറ്റ് പ്രധാനപ്പെട്ട ഗവേഷണ വികസന കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിലെ ശാസ്ത്ര സാങ്കേതിക ജ്ഞാനം വാണിജ്യാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിനും പൊതു സൗകര്യങ്ങൾ പരിശോധനാ കേന്ദ്രങ്ങൾ എന്നിവ ഈ ഏജൻസികളുടെ സഹകരണത്തോടെ സ്ഥാപിക്കുന്നതിനുമായി വ്യവസായ ഗവേഷണ സംയോജന പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) ഉണ്ട്. വി. എസ്. എസ്. സി.-യുടെ പല പ്രോജക്ടുകളും അവരുടെ ആവശ്യപ്രകാരം തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് ഏറ്റെടുത്തു ചെയ്യുന്നു. കൂടാതെ വ്യവസായ ശാലകൾക്ക് പ്രയോജനപ്രദമായ പല പദ്ധതികളും ടെക്നോപാർക്കും നടത്തുന്നു.

(സി) ഉണ്ട്.

(ഡി) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ കോളേജുകളിൽനിന്നും നേരിട്ട് കാമ്പസ് റിക്രൂട്ട്മെന്റ് വഴി നിയമനം നടത്താറില്ല.

വാഹനങ്ങളുടെ മലിനീകരണ നിയന്ത്രണ ടെസ്റ്റ് കർശനമാക്കാൻ നടപടി

*10 [451] ശ്രീ. ടി. പി. എം. സാഹിർ:
,, പി. കെ. അബ്ദുറബ്ബ്:
,, കെ. എൻ. എ. ഖാദർ:
,, സി. മമ്മൂട്ടി:
,, കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലിനീകരണ നിയന്ത്രണ പരിശോധന കഴിഞ്ഞ് സർട്ടിഫിക്കറ്റ് ലഭിച്ചശേഷം സംസ്ഥാനത്ത് ഓടിക്കൊണ്ടിരിക്കുന്ന വിവിധയിനം വാഹനങ്ങളിൽനിന്നുള്ള പുകമൂലം അന്തരീക്ഷം മലിനമാകുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇരുചക്രവാഹനങ്ങൾ ഒഴികെയുള്ള വാഹനങ്ങളിൽ പുക പരിശോധന കർശനമായി നടത്തിയശേഷമേ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാവൂ എന്ന നിബന്ധന ഏർപ്പെടുത്തുമോ;

(സി) ഈ നിബന്ധന പാലിക്കാതെ മലിനീകരണ നിയന്ത്രണ ടെസ്റ്റ് പാസ്സായിട്ടുണ്ടെന്നുള്ള സർട്ടിഫിക്കറ്റ് നൽകുന്ന സ്ഥാപനങ്ങളേയും അന്തരീക്ഷ മലിനീകരണം സൃഷ്ടിക്കുന്ന വാഹനങ്ങളേയും കണ്ടുപിടിച്ച് ശിക്ഷ നൽകുന്നതിന് നടപടിയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly